ഫിഷറീസ് ടെക്നിക്കൽ സ്കൂൾ

1135 [2066] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിൽ പുതിയതായി ഒരു ഫിഷറീസ് ടെക്നിക്കൽ സ്കൂൾ സ്ഥാപിക്കാൻ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് ആരിൽനിന്നെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മൽസ്യത്തൊഴിലാളികളെ ഉദ്ധരിക്കാൻ കേന്ദ്രത്തിന്റെ സഹായത്തോടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

1136 [2067] ശ്രീ. ടി. കെ. അബ്ദു:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, കെ. മൂസ്സക്കുട്ടി:
,, കോടിയേരി ബാലകൃഷ്ണൻ:
,, സി. പി. മൂസ്സാൻകുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളികളെ ഉദ്ധരിക്കാനും, മൽസ്യബന്ധനം വികസിപ്പിക്കാനും, കേന്ദ്രത്തിന്റെ സഹായത്തോടെ ഏതെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്;

(ബി) ഇവയുടെ ഓരോന്നിന്റെയും പ്രവർത്തനം ഏതേത് സ്റ്റേജിൽ ഇരിക്കുന്നു;

(സി) മൽസ്യബന്ധന ബോട്ടുകളുടെ നിർമ്മാണം ഇതിൽപ്പെടുമോ;

(ഡി) എങ്കിൽ പദ്ധതിപ്രകാരം എത്ര ബോട്ടുകൾ നിർമ്മിക്കാനാണ് ഉദ്ദേശം;

(ഇ) എത്ര ബോട്ടുകൾ നിർമ്മിക്കാൻ ഓർഡർ കൊടുത്തു; ആർക്കെല്ലാം;

(എഫ്) ഓർഡർ കൊടുത്തതിൽ എത്ര ബോട്ടുകൾ വാങ്ങി;

(ജി) ബോട്ടുകൾ ഏറെനടുക്കാതെ കരാറുകാർക്ക് ബോട്ടിന്റെ വില നൽകിയിട്ടുണ്ടോ; എങ്കിൽ എന്ത് തുക;

(എച്ച്) ഇതുമൂലം ഉള്ള നഷ്ടം എത്ര?

ഉത്തരം

(എ) ഫിഷിംഗ് ഹാർബറുകൾ, യന്ത്രവൽകൃത ബോട്ടുകളും നാടൻ വഞ്ചികളും കരയ്ക്കടുപ്പിക്കുവാനുള്ള ജട്ടികൾ (ഫിഷ് ലാൻറിംഗ്

LIBRARY ARCHIVES Kerala Legislative Assembly

സെൻററുകളും) ഉപ്പുജല കൃഷിയിടങ്ങളും, ഉൾനാടൻ മൽസ്യ കൃഷിക്കു വേണ്ടിയുള്ള ദേശീയ കുഞ്ഞുൽപ്പാദന കേന്ദ്രങ്ങളും എന്നിവയുടെ നിർമ്മാണം, മൽസ്യ കർഷക വികസന ഏജൻസികളുടെ (എഫ്. എഫ്. ഡി. എ.) പ്രവർത്തനം എന്നിവയാണ് കേന്ദ്ര സഹായത്തോടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും.

(ബി) മൽസ്യബന്ധന തുറമുഖങ്ങൾ: വിഴിഞ്ഞത്തും, നീണ്ടകരയിലും മൽസ്യബന്ധന തുറമുഖങ്ങൾ നിർമ്മിച്ചുവരുന്നു. മോപ്ലാബേയിലുള്ള മൽസ്യബന്ധന തുറമുഖത്തിൻെറ പണി വർദ്ധിച്ച മണൽക്കയറ്റം കാരണം നിർത്തിവച്ചിരിക്കുന്നു.

ഫിഷ് ലാൻറിംഗ് സെൻററുകൾ:

നീലേശ്വരത്തുള്ള ഫിഷ് ലാൻറിംഗ് സെൻററിൻെറ പണി പൂർത്തിയായി. കാസർഗോഡ്, മുനക്കക്കടവ് എന്നിവിടങ്ങളിലെ പണി ഈവർഷം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പാലക്കാട്, ധർമ്മടം എന്നിവിടങ്ങളുടെ പണി ധൃതഗതിയിൽ നടന്നുവരുന്നു. തോട്ടപ്പള്ളി ഫിഷ് ലാൻറിംഗ് സെൻററിൻെറ പണി ആരംഭിക്കുവാനുള്ള കരാർ നൽകിക്കഴിഞ്ഞു. മറ്റുള്ള സ്ഥലങ്ങളിൽ സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.

ഉപ്പുജല മൽസ്യക്കൃഷി:

പൊയ്യ, ആയിരംതെങ്ങ്, ഞാറയ്ക്കൽ, മാലിപ്പുറം, പാളെക്കരി എന്നീ സ്ഥലങ്ങളിൽ ഉപ്പുജലക്കൃഷിക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

ദേശീയ മൽസ്യ കുഞ്ഞുൽപ്പാദന കേന്ദ്രങ്ങൾ:

മലമ്പുഴയിലും, പോളച്ചിറയിലും ഉൾനാടൻ മൽസ്യ കൃഷിക്കായി മൽസ്യക്കുഞ്ഞുൽപ്പാദന കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

മൽസ്യകർഷക വികസന ഏജൻസികൾ:

കൊല്ലം, തൃശ്ശൂർ, പാലക്കാട് എന്നിവിടങ്ങൾ കേന്ദ്രമായി മൂന്ന് മൽസ്യകർഷക വികസന ഏജൻസികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

(സി) ഇല്ല.

(ഡി, ഇ, എഫ്, ജി, എച്ച്.) 'സി' യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ചെല്ലാനം പഞ്ചായത്തിൽ ഒരു മിനി ഫിഷിംഗ് ഹാർബർ

1137 [2068] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലാനം പഞ്ചായത്തിൽ ഒരു മിനി ഫിഷിംഗ് ഹാർബർ ഉണ്ടാക്കാൻ നിർദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് എവിടെയാണ് ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly